1

# ആരാണ് പരിശുദ്ധാത്മാവ്?

*"എന്നാൽ ഞാൻ പിതാവിനോട് ചോദിക്കും, അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിന്ന് നിങ്ങൾക്ക് തരും. ലോകം അവനെ കാണുകയോ അറിയുകയോ ചെയ്യായ്കയാൽ അതിന്ന് അവനെ ലഭിപ്പാൻ കഴിയുന്നതല്ല; നിങ്ങളോ അവൻ നിങ്ങളോടുകൂടെ വസിക്കയും നിങ്ങളിൽ ഇരിക്കയും ചെയ്യുന്നതുകൊണ്ട് അവനെ അറിയുന്നു. ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല, ഞാൻ നിങ്ങളുടെ അടുക്കൽ വരും" (യോഹന്നാൻ 14:16–18).*

"എന്താണ് പരിശുദ്ധാത്മാവ്?" എന്നതല്ല ചോദ്യം. മറിച്ച് "ആരാണ് പരിശുദ്ധാത്മാവ്?" എന്നതാണ്. അങ്ങനെ ചോദിക്കുവാനുള്ള കാരണം പരിശുദ്ധാത്മാവ്, വ്യക്തിത്വമുള്ള ഒരു വ്യക്തി ആകകൊണ്ടാണ്. അവൻ ശക്തി എന്നതിലുപരിയാണ്; അവൻ ജീവിക്കുന്ന ഒരു സ്വർഗീയ വ്യക്തിയാണ്.

### അവൻ ഒരു "ആത്മാവ്" ആണ്

പഴയനിയമത്തിലെ എബ്രായ വാക്ക് *റുവാക്* തർജ്ജിമ ചെയ്തിരിക്കുന്നത് "ആത്മാവ്," "കാറ്റ്." "ശ്വാസം," "ദൈവത്തിന്റെ ആത്മാവ്" എന്നിങ്ങനെയാണ്. പുതിയനിയമത്തിൽ അതിന്റെ തത്തുല്യമായ ഗ്രീക്ക് വാക്ക് *ന്യുമാ* ഉപയോഗിച്ചിരിക്കുന്നത്, ഒന്നുകിൽ മനുഷ്യരുടെ ആത്മാവിനെ കുറിച്ച് (1 കൊരിന്ത്യർ 2:11; കൂടാതെ സദൃശവാക്യങ്ങൾ 20:27) അല്ലെങ്കിൽ ദൈവിക വ്യക്തികളായ, ദൈവത്തിന്റെ ആത്മാവിനെ കുറിച്ചും (യോഹന്നാൻ 4:24) ദൂതന്മാരെ കുറിച്ചും (എബ്രായർ 1:13, 14) സൂചിപ്പിച്ചിട്ടുണ്ട്. ചിലപ്പോൾ, ഒരു സ്വർഗീയ വ്യക്തി എന്ന നിലയിലും "ആത്മാവ്" എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട്, ഉദാഹരണമായി ദൈവത്തിനുവേണ്ടി സംസാരിക്കുവാൻ മദ്ധ്യസ്ഥനായി ഉപയോഗിച്ചിട്ടുണ്ട് (1 രാജാക്കന്മാർ 22:21). "'ആത്മാവ്' എന്ന വാക്ക് എബ്രായ, യവന ഭാഷയിലുള്ള *റുവാക്, ന്യുമാ* വാക്കുകളാണ്, അവ രണ്ടിന്റേയും അക്ഷരികമായ അർത്ഥം, 'കാറ്റ്, ശ്വാസം' എന്നാണ്. രണ്ടും ജീവനുള്ള വ്യക്തികളുടെ അദൃശ്യമായ യാഥാർത്ഥ്യമാണ്."[1]

യോഹന്നാൻ 3:8 ലേതൊഴിച്ച്–പുതിയനിയമത്തിലെ മറ്റെല്ലാ ഭാഗത്തും *ന്യുമാ* തർജ്ജിമ ചെയ്തിരിക്കുന്നത് "ആത്മാവ്" എന്നാണ്, യോഹന്നാന്റെ പുസ്തകത്തിലേത് മിക്ക തർജിമകളിലും ഉള്ളത് "കാറ്റ്" എന്നാണ്. അവിടേയും "ആത്മാവ്" എന്ന് തന്നെയാണ് യോജിക്കുക. ആ വാക്യത്തെ കുറിച്ച്, ജെയിംസ് ഒലിവർ ബസ്വേൽ ജൂനിയർ പറഞ്ഞു, "ചുരുങ്ങിയത് ഒരു വേദഭാഗത്തിലെങ്കിലും (യോഹന്നാൻ 3:8) വ്യാഖ്യാനം സംശയിപ്പിക്കുന്നതാണ്, ആ വാക്യത്തിന്റെ ഏറ്റവും നല്ല തർജിമ 'അവൻ തിരഞ്ഞെടുക്കുന്നവരിൽ ആത്മാവ് ശ്വസിക്കുന്നു ...'" എന്നതാണ് [2]

ഗൈ എൻ. വുഡ്സ് എഴുതി,

> "ഗ്രീക്ക് പുതിയനിയമത്തിൽ *ന്യൂമാ* (ആത്മാവ്) എന്ന വാക്ക് നിരവധി പ്രവാശ്യം ഉപയോഗിച്ചിട്ടുണ്ട്. മറ്റൊന്നിലും നിലവാരമുള്ള തർജിമകളിലൊന്നിലും അവിടെ കാറ്റ് എന്ന് തർജിമ ചെയ്തിട്ടില്ല. ഈ വേദഭാഗത്ത് അത് രണ്ട് പ്രാവശ്യം വരുന്നുണ്ട്, അവയിൽ ആദ്യത്തേത് 'കാറ്റ്' എന്നും രണ്ടാമത്തേത് 'ആത്മാവ്' എന്നുമാണ് തർജിമ ചെയ്തിരിക്കുന്നത്. ആദ്യത്തേത് 'കാറ്റ് അടിക്കുക' എന്നും രണ്ടാമത്തേത് 'ആത്മാവിനാൽ ജനിക്കുക' എന്നുമാണ്, മറിച്ചായാൽ അത് തെറ്റ് തന്നെയാകും ....."[3]

ദൈവം നമ്മിൽ തരുന്ന അവന്റെ ആന്തരിക ഭാഗമാകാം ആത്മാവ് (സെഖര്യാവ് 12:1; സഭാപ്രസംഗി 12:7), മരിക്കുമ്പോൾ ആ ഭാഗം നമ്മിൽനിന്ന് വേർപിരിയുന്നു (സഭാപ്രസംഗി 12:7; യാക്കോബ് 2:26). അത് ഒരു മനോഭാവമാകാം (റോമർ 8:15; 1 കൊരിന്ത്യർ 4:21; ഗലാത്യർ 6:1), ഭൗതിക-മല്ലാത്ത വ്യക്തിയാകാം (എഫെസ്യർ 2:2; 2 തെസലൊനിക്യർ 2:2). ആത്മാവിന്റെ ഭൗതിക-മല്ലാത്ത അവസ്ഥയെ യേശു സൂചിപ്പിക്കുകയുണ്ടായി: "എന്റെ കയ്യും കാലും നോക്കി അറിവിൻ, എന്നെ തൊട്ടുനോക്കുവിൻ; എന്നിൽ കാണുന്നതുപോലെ ഭൂതത്തിന് അസ്ഥിയും മാംസവും ഇല്ലല്ലൊ" (ലൂക്കൊസ് 24:39). ആത്മാവായ ദൈവത്തെ (യോഹന്നാൻ 4:24) മാനുഷ കണ്ണുകൾകൊണ്ടു കാണുവാൻ സാധ്യമല്ല (1 തിമൊഥെയൊസ് 6:16) കാരണം ഭൗതിക-മല്ലാത്ത, ആത്മിയമായ അന്തരീക്ഷത്തിലാണ് ആത്മാവിന്റെ നിലനില്പ് (2 കൊരിന്ത്യർ 4:18). ശുദ്ധാത്മാക്കൾ ദൈവത്തിന്റെ ദൂതന്മാരാണ് (എബ്രായർ 1:13, 14), അശുദ്ധാത്മാക്കൾ ഭൂതങ്ങളായും അറിയപ്പെടുന്നു (മർക്കൊസ് 5:2, 15), അവ പിശാചിന്റെ ദൂതന്മാരുമാണ് (മത്തായി 25:41).

## അവൻ ഒരു "വ്യക്തി" ആകുന്നു

ബൈബിളിൽ നിന്നു ലഭിക്കുന്ന എല്ലാ വിവരങ്ങളുമനുസരിച്ച് പരിശുദ്ധാത്മാവ് ഒരു ദൈവികവ്യക്തി തന്നെയാണ്. പിതാവിനും പുത്രനും ഉള്ളതുപോലെയുള്ള ഗുണങ്ങൾ അവനുമുണ്ട്.

### ഒരു വ്യക്തിയുടെ സ്വഭാവം

പരിശുദ്ധാത്മാവിന്റെ മനോഗുണങ്ങൾ സൂചിപ്പിക്കുന്നത്, അവൻ ഒരു ശക്തിയല്ല, ജീവനുള്ള വ്യക്തി ആണെന്നാണ്:

1. തോന്നൽ: "പരിശുദ്ധാത്മാവിനും തോന്നിയിരിക്കുന്നു" (പ്രവൃത്തികൾ 15:28).

2. *ചിന്ത*: "ആത്മാക്കളുടെ ചിന്ത ഇന്നതെന്ന് ഹൃദയങ്ങളെ പരിശേധിക്കുന്നവൻ അറിയുന്നു" (റോമർ 8:27).

3. ഇഛ: "താൻ ഇഛിക്കുംപോലെ അവനവനു അതതുവരം പകുത്തുകൊടുക്കുന്ന ഒരേ ആത്മാവ് തന്നെ" (1 കൊരിന്ത്യർ 12:11). എബ്രായർ 2:4 പ്രകാരം, ദൈവേഷ്ടമനുസരിച്ചാണ് പരിശുദ്ധാത്മ വരങ്ങൾ നല്കുന്നത്.

4. *അറിവ്*: "ദൈവത്തിലുള്ളത് ദൈവാത്മാവല്ലാതെ ആരും ഗ്രഹിച്ചിട്ടില്ല" (1 കൊരിന്ത്യർ 2:11).

5. *വികാരങ്ങൾ* (സ്നേഹം, ദുഃഖം, സന്തോഷം): "നിങ്ങൾ എനിക്കവേണ്ടി ദൈവത്തോടുള്ള പ്രാർത്ഥനയിൽ എന്നോടുകൂടെ പോരാടേണം എന്നു നമ്മുടെ കർത്താവായ യേശുക്രിസ്തുവിനേയും ആത്മാവിന്റെ സ്നേഹ

ത്തേയും ഓർപ്പിച്ചു പ്രബോധിപ്പിക്കുന്നു" (റോമർ 15:30). "ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്; അവനാലല്ലോ നിങ്ങൾക്ക് വിണ്ടെടുപ്പിൻ നാളിനായി മുദ്രയിട്ടിരിക്കുന്നത്" (എഫെസ്യർ 4:30). "ബഹുകഷ്ടം സഹിക്കേണ്ടിവന്നിട്ടും നിങ്ങൾ പരിശുദ്ധാത്മാവിന്റെ സന്തോഷത്തോടെ വചനം കൈക്കൊണ്ടു ഞങ്ങൾക്കും കർത്താവിനും അനുകാരികളായി തീർന്നു" (1 തൊസലൊനിക്യർ 1:6).

മുകളിൽ പറഞ്ഞ ഗുണങ്ങളെല്ലാം പരിശുദ്ധാത്മാവിനുള്ളത് വെളിപ്പെടുത്തുന്നത് അവൻ ഒരു വ്യക്തി ആണെന്നാണ്.

### ഒരു വ്യക്തിയുടെ പ്രവൃത്തികൾ

പരിശുദ്ധാത്മാവ്, ഒരു ശക്തിയായിട്ടല്ല, ഒരു വ്യക്തിയായിട്ടാണ് പ്രവർത്തിക്കുന്നത്. അവന് താഴെ പറയുന്നവ ചെയ്യുവാൻ കഴിയും:

1. *ഉപദേശിക്കയും ഓർപ്പിക്കയും*: "എങ്കിലും പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ, നിങ്ങൾക്ക് സകലവും ഉപദേശിച്ചുതരികയും, ഞാൻ നിങ്ങളോട് പറഞ്ഞത് ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും" (യോഹന്നാൻ 14:26).

2. *സാക്ഷ്യം വഹിക്കും*: "ഞാൻ പിതാവിന്റെ അടുക്കൽനിന്ന് അയപ്പാനുള്ള കാര്യസ്ഥനായി, പിതാവിന്റെ അടുക്കൽനിന്നു സത്യാത്മാവ് വരുമ്പോൾ, അവൻ എന്നെ കുറിച്ച് സാക്ഷ്യം പറയും" (യോഹന്നാൻ 15:26).

3. *സത്യത്തിൽ വഴി നടത്തും*: "സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ, അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും" (യോഹന്നാൻ 16:13).

4. *സംസാരിക്കും*: "അവൻ സ്വയമായി സംസാരിക്കുകയില്ല" (യോഹന്നാൻ 16:13; കൂടാതെ പ്രവൃത്തികൾ 8:29; 11:12; 1 തിമൊഥെയൊസ് 4:1).

5. *കേൾക്കും*: "കേൾക്കുന്നതൊക്കെയും, അവൻ സംസാരിക്കും" (യോഹന്നാൻ 16:13).

6. *അറിയിക്കും*: "അവൻ നിങ്ങൾക്ക് വരുവാനുള്ളത് വെളിപ്പെടുത്തും" (യോഹന്നാൻ 16:13).

7. *വിലക്കും*: "അവർ ആസ്യയിൽ വചനം സംസാരിക്കരുതെന്ന് പരിശുദ്ധാത്മാവ് വിലക്കുകയാൽ ഫ്രുഗ്യയിലും, ഗലാത്യദേശത്തിലും കൂടി സഞ്ചരിച്ചു" (പ്രവൃത്തികൾ 16:6).

8. *ജീവൻ നല്കും*: "ക്രിസ്തുയേശുവിനെ മരണത്തിൽനിന്നുയർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനെക്കൊണ്ട് നിങ്ങളുടെ മർത്യശരീരങ്ങളേയും ജീവിപ്പിക്കും" (റോമർ 8:11).

9. *വെളിപ്പെടുത്തും*: "നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു" (1 കൊരിന്ത്യർ 2:10; കൂടാതെ എഫെസ്യർ 3:3–5).

10. *ആരായും*: "ആത്മാവ് സകലത്തേയും, ദൈവത്തിന്റെ ആഴങ്ങളേയും ആരായുന്നു" (1 കൊരിന്ത്യർ 2:10).

11. *വാഗ്ദത്തം*: "അബ്രഹാമിന്റെ അനുഗ്രഹം ക്രിസ്തുയേശുവിൽ ജാതികൾക്ക് വരേണ്ടതിന്ന് നാം ആത്മാവെന്ന വാഗ്ദത്തവിഷയം വിശ്വാസത്താൽ പ്രാപിപ്പാൻ തന്നെ" (ഗലാത്യർ 3:14; പ്രവൃത്തികൾ 2:33 നോക്കുക).

12. *കൂട്ടായ്മ*: "കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കുമാറാകട്ടെ" (2 കൊരിന്ത്യർ 13:14; കൂടാതെ ഫിലിപ്പിയർ

2:1 നോക്കുക).

13. *പക്ഷവാദം*: "... ആത്മാവ് തന്നെ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്ക് വേണ്ടി പക്ഷവാദം ചെയ്യുന്നു; ... എന്നാൽ ആത്മാവ് വിശുദ്ധന്മാർക്ക് വേണ്ടി ദൈവഹിതപ്രകാരം പക്ഷവാദം ചെയ്യുന്നു" (റോമർ 8:26, 27).

14. *സൂചിപ്പിക്കയും മുന്നറിയിക്കയും*: "... ക്രിസ്തുവിൻ ആത്മാവ് ക്രിസ്തുവിന് വരേണ്ടിയ കഷ്ടങ്ങളേയും പിൻവരുന്ന മഹിമയേയും മുമ്പിൽ കൂട്ടി സാക്ഷീകരിച്ചപ്പോൾ, സൂചിപ്പിച്ച സമയം പ്രവാചകന്മാർ ആരാഞ്ഞു" (1 പത്രൊസ് 1:11).

15. *വിളിക്കും*: "ആത്മാവും, മണവാട്ടിയും പറയുന്നു, 'വരുവിൻ'" (വെളിപ്പാട് 22:17).

16. *നടത്തും*: "യേശു പരിശുദ്ധാത്മാവ് നിറഞ്ഞവനായി യോർദ്ദാൻ വിട്ടു മടങ്ങി; ആത്മാവ് അവനെ മരുഭൂമിയിലേക്ക് നടത്തി" (ലൂക്കൊസ് 4:1); "ദൈവാത്മാവ് നടത്തുന്നവരെല്ലാം, ദൈവത്തിന്റെ മക്കൾ ആകുന്നു" (റോമർ 8:14).

മുകളിൽ പ്രസ്താവിച്ച കാര്യങ്ങളൊന്നും ഒരു ശക്തിക്കല്ല, വ്യക്തിക്കാണ് ചെയ്യുവാൻ കഴിയുന്നത്. അതുകൊണ്ട് പരിശുദ്ധാത്മാവിനെ ഒരു വ്യക്തി യായി കാണണം.

## അവനോട് അപമര്യാദ കാട്ടുവാൻ കഴിയും

ജീവനില്ലാത്ത-ശക്തിക്കെതിരായി ഉപയോഗിക്കുന്ന വാക്കുകളല്ല പരി ശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നതിനും വ്യണപ്പെടുത്തുന്നതിനും ഉപയോ ഗിച്ചിരിക്കുന്നത്. അവനോട് താഴെ കാണുന്ന വിധത്തിൽ അപമര്യാദയായി പെരുമാറുവാൻ കഴിയും:

1. *ദൂഷണം പറയാം*: "... ആത്മാവിന് നേരെയുള്ള ദൂഷണമോ ക്ഷമിക്ക യില്ല ... പരിശുദ്ധാത്മാവിനു നേരെ പറഞ്ഞാലോ, ഈ ലോകത്തിലും, വരു വാനുള്ള ലോകത്തിലും ക്ഷമിക്കയില്ല" (മത്തായി 12:31, 32).

2. *വ്യാജം പറയാം*: "പരിശുദ്ധാത്മാവിനോട് വ്യാജം കാണിപ്പാൻ സാത്താൻ നിന്റെ ഹൃദയം കൈവശമാക്കിയത് എന്ത് ...?" (പ്രവൃത്തികൾ 5:3).

3. *മറുത്തു നില്ക്കാം*: "ഹൃദയത്തിനും ചെവിക്കും പരിച്ഛേദനയില്ലാ ത്തവരേ, നിങ്ങളും നിങ്ങളുടെ പിതാക്കന്മാരെപോലെ എല്ലായ്പോഴും പരി ശുദ്ധാത്മാവിനോട് മറുത്തു നില്ക്കുന്നു" (പ്രവൃത്തികൾ 7:51).

4. *ദുഃഖിപ്പിക്കാം*: "ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്, അവനാലല്ലോ നിങ്ങൾക്ക് വീണ്ടെടുപ്പിൻനാളിനായി മുദ്രയിട്ടിരിക്കുന്നത്" (എഫെസ്യർ 4:30).

5. *നിന്ദിക്കാം:* അല്ലെങ്കിൽ പരിഹസിക്കാം: "... കൃപയുടെ ആത്മാവിനെ നിന്ദിക്കയും ചെയ്തവൻ?" (എബ്രായർ 10:29).

6. *കെടുക്കാം*: "ആത്മാവിനെ കെടുക്കരുത്" (1 തെസലൊനിക്യർ 5:19).

പരിശുദ്ധാത്മാവിനോട് എങ്ങനെയെല്ലാം അപമര്യാദയായി പെരുമാറാ മെന്ന് സൂചിപ്പിക്കുന്ന പ്രസ്താവനകൾ, അവൻ ഒരു വ്യക്തിയാണെന്ന് തെളി യിക്കുന്നു. ശക്തിയോടോ അധികാരത്തോടോ മോശമായി പെരുമാറുന്നതി നുആലങ്കാരികമായിട്ടല്ലാതെ ഉപയോഗിക്കാവുന്ന വാക്കുകളല്ല മുകളിൽ പറ ഞ്ഞവയൊന്നും. എന്നാൽ ഈ സന്ദർഭം ആലങ്കാരികമോ അല്ലെങ്കിൽ കാവ്യാ

ത്മകമോ അല്ല എന്നതു സ്പഷ്ടം.

**അവന് വേറിട്ട നിലനില്പുണ്ട്**

പരിശുത്മാവിന് പിതാവിനും പുത്രനും ഉള്ളതുപോലെയുള്ള സ്വഭാവവും പെരുമാറ്റവുമുള്ള വ്യക്തിത്വമുണ്ടെന്ന് മാത്രമല്ല, അവന് വേറിട്ട ഒരു നിലനില്പുമുണ്ട് എന്നതാണ് മറ്റൊരു സൂചന.

യേശു സ്നാനമേറ്റപ്പോൾ പരിശുദ്ധാത്മാവ് അവനിൽ ഇറങ്ങി വന്നിരുന്നതായി പറയുന്നുണ്ട് (യോഹന്നാൻ 1:33). സ്നാനമേറ്റ ശേഷം യേശു വെള്ളത്തിൽ നിന്നു കയറി വന്നപ്പോൾ, ആത്മാവ് അവനിൽ വന്നശേഷം പിതാവ് സ്വർഗത്തിൽനിന്ന് അവനോട് സംസാരിച്ചു (മത്തായി 3:16, 17; ലൂക്കൊസ് 3:21, 22). പിതാവ് സ്വർഗത്തിലായിരുന്നപ്പോൾ; ഭൂമിയിലായിരുന്ന പുത്രനിൽ വസിപ്പാൻ, ആത്മാവ് ഇറങ്ങി വന്നു.

ഒരു വ്യക്തി യേശുവിനെതിരെ ദൂഷണം പറഞ്ഞാൽ അവൻ ക്ഷമിക്കപ്പെടും-പരിശുദ്ധാത്മാവിന് നേരെ പറഞ്ഞാലോ ഒരിക്കലും ക്ഷമിക്കയില്ല (മത്തായി 12:32). യേശുവും പരിശുദ്ധാത്മാവും ഒരു വ്യക്തിയാണെങ്കിൽ എങ്ങനെ യേശുവിനെതിരായി പറയുന്നതു ക്ഷമിക്കുവാനും പരിശുദ്ധാത്മാവിനെതിരെ പറഞ്ഞാൽ ക്ഷമിക്കാതിരുക്കുവാനും കഴിയും? അവർ തമ്മിലുള്ള വ്യത്യാസം മനസിലാക്കിയിട്ടാണ് യേശു അങ്ങനെ ഉപദേശിച്ചത്.

പരിശുദ്ധാത്മാവ് നിറഞ്ഞവനായിരുന്നു യേശു എന്ന് പറഞ്ഞിട്ടുണ്ട് (ലുക്കൊസ് 4:1), അതുപോലെ മറ്റുള്ളവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായിരുന്നു (പ്രവൃത്തികൾ 6:3, 5; 7:55; 11:24). തീർച്ചയായും, പ്രവൃത്തികളുടെ പുസ്തകത്തിൽ പരിശുദ്ധാത്മാവ് നിറഞ്ഞവരിൽ ഉണ്ടായിരുന്നത് പരിശുദ്ധാത്മാവ് എന്ന വ്യക്തിയല്ല എന്ന് എല്ലാവരും സമ്മതിക്കും. യേശുവിനേയും പരിശുദ്ധാത്മാവിനേയും രണ്ടു വേറിട്ട വ്യക്തികളായി നാം തിരിച്ചറിയണം.

യേശു തന്നെയാണ് പരിശുദ്ധാത്മാവ് എന്ന് ചില ആളുകൾ വിശ്വസിക്കുന്നുണ്ട്. എങ്ങനെയായാലും, യേശു മറിയയിൽകൂടെ ജനിക്കുന്നതിന് മുൻപ് പരിശുദ്ധാത്മാവ് ലോകത്തിലുണ്ടായിരുന്നു. "അമ്മയുടെ ഉദരത്തിൽ വെച്ച് തന്നെ പരിശുദ്ധാത്മാവ് നിറഞ്ഞവനായിരുന്നു യോഹന്നാൻ" (ലൂക്കൊസ് 1:15). ഇതു സംഭവിച്ചത് മറിയ യേശുവിനെ പരിശുദ്ധാത്മാവിനാൽ ഗർഭം ധരിക്കുന്നതിന് ആറുമാസം മുൻപായിരുന്നു (ലൂക്കൊസ് 1:26, 35).

യേശു തേജസ്ക്കരിക്കപ്പെടായ്കകൊണ്ട് അന്നുവരെ പരിശുദ്ധാത്മാവ് ആരുടെമേലും വന്നിരുന്നില്ല എന്ന് യോഹന്നാൻ എഴുതി (യോഹന്നാൻ 7:39). ഇതു യേശു അപ്പൊസ്തലന്മാരുമായി ഇരുന്നപ്പോഴായിരുന്നു പറഞ്ഞത്. യേശു ഭൂമിയിലായിരന്നപ്പോൾ പരിശുദ്ധാത്മാവിനെ നല്കിയിരുന്നില്ല എന്നു പറയുമ്പോൾ അവർ രണ്ടു വ്യക്തികളാണെന്ന് സ്പഷ്ടം.

അപ്പൊസ്തലന്മാരിൽ മറ്റൊരു കാര്യസ്ഥനെ (യോഹന്നാൻ 14:16) അയക്കുമെന്ന് യേശു പറഞ്ഞു, അതു പരിശുദ്ധാത്മാവിനെ ആയിരുന്നു (യോഹന്നാൻ 14:26). അവൻ കാര്യസ്ഥൻ ആയിരുന്നു എങ്കിൽ യേശുവിന് എങ്ങനെ ആ കാര്യസ്ഥനെ അയക്കുവാൻ കഴിയും? അതുപോലെ പരിശുദ്ധാത്മാവും യേശുവും ഒരു വ്യക്തിയാണെങ്കിൽ യേശുവിന് എങ്ങനെ അവനെ "മറ്റൊരു കാര്യസ്ഥൻ" എന്നു പറയുവാൻ കഴിയും?

"മറ്റൊരു" എന്നതിന്റെ ഗ്രീക്ക് വാക്ക് *അലോൺ* വ്യക്തമാക്കുത്, പരിശുദ്ധാത്മാവ് യേശുവിൽ നിന്നു വേറിട്ട വ്യക്തി ആണ് എന്നാണ്. ഏ. റ്റി. റോബർട്ട്സൺ എഴുതി,

> *മറ്റൊരു കാര്യസ്ഥൻ* (*അലോൺ പാരാക്ലാടോൺ*) അതുപോലെ മറ്റൊരാൾ (അലോൺ, ഹെലെറോൺ അല്ല) നമ്മുടെ പാരാക്ലാടോ ആകുന്ന യേശുവിനെ കൂടാതെ, പിതാവിനോടുകൂടെ, നടത്തിപ്പുകാരനായി, കാര്യസ്ഥനായി പ്രവർത്തിക്കുന്നു (1 യോഹന്നാൻ 2:1; ഒത്തുവാക്യം. റോമർ 8:2).[4]

"സംഖ്യാപരമായ വ്യത്യാസത്തെ" പ്രകടമാക്കുന്നതാണ് അലോൺ എന്ന് മാർവിൻ ആർ. വിൻസെന്റ് എഴുതി.[5] അയാൾ പിന്നീട് എഴുതി, "വേറെ എന്ന് അർത്ഥം വരുന്ന, *അലോൺ* എന്ന വാക്കാണ് ഉപയോഗിച്ചത്, അല്ലാതെ *എറ്റേറോൺ* എന്നല്ല എന്നതു ശ്രദ്ധിക്കുക. കാര്യസ്ഥൻ ക്രിസ്തുവിനെ പോലെ ഉള്ള മറ്റൊരാളാണ്, അല്ലാതെ വ്യത്യാസമുള്ള വ്യക്തിയല്ല."[6]

വില്യം ഹെൻഡ്രിക്സൺ എഴുതി, "എനിക്ക് പകരം, എന്നെപോലെ, എന്റെ ജോലി ചെയ്യുന്ന വേറൊരാളെയാണ് മറ്റൊരാൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതുകൊണ്ട്, യേശു ഒരു വ്യക്തി ആണെങ്കിൽ, പരിശുദ്ധാത്മാവും ഒരു വ്യക്തിയാണ്."[7] പരിശുദ്ധാത്മാവല്ല യേശു. അവൻ വേറൊരു സഹായി (കാര്യസ്ഥൻ) ആണ്, യേശുവിന്റെ സ്വഭാവത്തിൽനിന്നു വ്യത്യസ്തനല്ല, പിന്നെയോ യേശുവിനെപോലെയുള്ളവൻ ആകുന്നു.

താൻ പോകാതെ പരിശുദ്ധാത്മാവിനെ അയക്കുവാൻ സാധ്യമല്ലെന്ന് യേശു പറഞ്ഞു (യോഹന്നാൻ 16:7). പരിശുദ്ധാത്മാവ് സ്വയമായി സംസാരിക്കാതെ, തന്നോട് കേട്ടതു മാത്രം സംസാരിക്കുമെന്നാണ് യേശു പറഞ്ഞത്. (യോഹന്നാൻ 16:14). പുതിയനിയമത്തിൽ നൽകിയ വിവരങ്ങൾ അനുസരിച്ച് പരിശുദ്ധാത്മാവും യേശുവും സ്വതന്ത്രവും വേറിട്ടതുമായ രണ്ട് വ്യക്തികളാണ് എന്നത്രെ.

## അവൻ ദൈവമാണ്

പിതാവിനും, പുത്രനും, ഉള്ള തുല്യമായ സ്ഥാനമാണ് പരിശുദ്ധാത്മാവിനും ഉള്ളതെന്നാണ് പറഞ്ഞിട്ടുള്ളത്. പിതാവിന്റേയും, പുത്രന്റേയും, പരിശുദ്ധാത്മാവിന്റേയും നാമത്തിലാണ് ആളുകൾ സ്നാനമേല്ക്കേണ്ടത് (മത്തായി 28:19). ആത്മാവും, ദൈവവും ("പിതാവും"), (1 കൊരിന്ത്യർ 8:6), കർത്താവും ("യേശു"; 1 കൊരിന്ത്യർ 8:6) ചേർന്നാണ് ആത്മവരങ്ങൾ നൽകുന്നത് (1 കൊരിന്ത്യർ 12:4–6), ആത്മാവ് ഇഛിക്കുംപോലെയാണ് അവ നൽകുന്നത് (1 കൊരിന്ത്യർ 12:11) 2 കൊരിന്ത്യർ 13:14–ൽ മൂന്നു വ്യക്തികൾക്കും തുല്യസ്ഥാനമുള്ളതായിട്ടാണ് പൗലൊസ് പറഞ്ഞിരിക്കുന്നത്: "കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങളോടെല്ലാവരോടുംകൂടെ ഇരിക്കുമാറാകട്ടെ."[8]

പിതാവും, പുത്രനും, പരിശുദ്ധാത്മാവും ഒരേ സ്വഭാവമുള്ള വേറിട്ട മൂന്ന് സ്വർഗീയ വ്യക്തികളാണെന്നതിന് പുതിയനിയമത്തിൽ ധാരാളം തെളിവുകളുണ്ട്. മനുഷ്യർക്കുള്ള സേവനത്തിൽ അവർ മൂന്നുപേരും തങ്ങളുടെ ബന്ധത്തിൽ ഐകമത്യത്തോടെ ഒരുമിച്ച് പ്രവർത്തിക്കുന്നു.

ദൈവത്തിനുള്ള ഗുണങ്ങളാണ് പരിശുദ്ധാത്മാവിനുള്ളത്. പിതാവിനും പുത്രനുമുള്ള അഞ്ചു മനോഗുണങ്ങൾ പരിശുദ്ധാത്മാവ് പങ്കിടുന്നത് ശ്രദ്ധിക്കുക:

1. *ശാശ്വതാവസ്ഥ*: (1) പരിശുദ്ധാത്മാവിന്റേയും – "നിത്യാത്മാവിനാൽ ദൈവത്തിന് തന്നെത്താൻ നിഷ്ക്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മനസാക്ഷിയെ നിർജീവ പ്രവർത്തികളെ പോക്കി എത്ര അധികം ശുദ്ധീകരിക്കും?" (എബ്രായർ 9:14); (2) പിതാവിന്റേയും – "നിന്റെ സിംഹാസനം പുരാതനമേ സ്ഥിരമായിരിക്കുന്നു; നീ അനാദിയായുള്ളവൻ തന്നെ" (സങ്കീർത്തനങ്ങൾ 93:2); (3) യേശുവിന്റേയും – "യേശു ക്രിസ്തു ഇന്നലെയും ഇന്നും എന്നേക്കും അനന്യൻ തന്നെ" (എബ്രായർ 13:8); എന്നിവ അവരുടെ നിത്യസ്വഭാവത്തെ കാണിക്കുന്ന പ്രസ്താവനകളാണ്. "ഇങ്ങനെ ചെയ്താൽ നിങ്ങൾ ഒരുനാളും ഇടറിപ്പോകാതെ, നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം ധാരാളമായി പ്രാപിക്കും" (2 പത്രൊസ് 1:11).

2. *സർവ്വജ്ഞത്വം*: ഈ ഗുണത്തെ പ്രതിപാദിക്കുന്ന വേദഭാഗങ്ങൾ ശ്രദ്ധിക്കുക (1) പരിശുദ്ധാത്മാവ് – "നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു. ആത്മാവ് സകലത്തെയും ദൈവത്തിന്റെ ആഴങ്ങളെയും ആരായുന്നു" (1 കൊരിന്ത്യർ 2:10); (2) പിതാവ് – "അവന്നു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല. സകലവും അവന്റെ കണ്ണിന്നു നഗ്നവും മലർന്നതുമായി കിടക്കുന്നു, അവനുമായിട്ടാകുന്നു നമുക്ക് കാര്യമുള്ളത്" (എബ്രായർ 4:13); (3) യേശു – "യേശുവോ എല്ലാവരേയും അറികകൊണ്ട്, തന്നെത്താൻ അവരുടെപക്കൽ വിശ്വസിച്ചേൽപ്പിച്ചില്ല; മനുഷ്യനിലുള്ളതു എന്ത് എന്ന് സ്വതവേ അറിഞ്ഞിരിക്കയാൽ തനിക്ക് മനുഷ്യരെ കുറിച്ച് ഒരുത്തന്റേയും സാക്ഷ്യം ആവശ്യമായിരുന്നില്ല" (യോഹന്നാൻ 2:24, 25).

3. *സർവ്വശക്തിത്വം*: ഈ സ്വഭാവഗുണത്തെ കുറിച്ച് പല വേദഭാഗങ്ങളും പറയുന്നുണ്ട് (1) പരിശുദ്ധാത്മാവ് – "പരിശുദ്ധാത്മാവ് നിന്റെ മേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും" (ലൂക്കൊസ് 1:35); "യേശു ആത്മാവിന്റെ ശക്തിയോടെ ഗലീലയിലേക്ക് മടങ്ങിച്ചെന്നു" (ലൂക്കൊസ് 4:14). "പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ, നിങ്ങൾക്ക് ശക്തി ലഭിക്കും" (പ്രവൃത്തികൾ 1:8); (2) ദൈവം – "ദൈവത്തിന് അസാധ്യമായത് ഒന്നുമില്ല" (ലൂക്കൊസ് 1:37); (3) യേശു – "...'സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു'" (മത്തായി 28:18).

4. *സർവ്വവ്യാപിത്വം*: ഈ സ്വഭാവഗുണം (1) പരിശുദ്ധാത്മാവിനുണ്ട് "നിന്റെ ആത്മാവിനെ ഒളിച്ച് ഞാൻ എവിടെ പോകും?" (സങ്കീർത്തനങ്ങൾ 139:7); (2) പിതാവിനുണ്ട് – "എന്നാൽ ദൈവം യഥാർത്ഥമായി ഭൂമിയിൽ വസിക്കുമോ? സ്വർഗത്തിലും സ്വർഗാധിസ്വർഗത്തിലും നീ അടങ്ങുകയില്ലല്ലൊ" (1 രാജാക്കന്മാർ 8:27); "'ഞാൻ കാണാതവണ്ണം ആർക്കെങ്കിലും മറയത്ത് ഒളിപ്പാൻ കഴിയുമോ?' എന്ന് യഹോവയുടെ അരുളപ്പാട്, 'ഞാൻ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നവനല്ലയോ?'..." (യിരെമ്യാവ് 23:24); (3) യേശുവിനുമുണ്ട് – "ഞാനോ, ലോകാവസാനത്തോളം നിങ്ങളോടുകൂടെയുണ്ട്" (മത്തായി 28:20).

5. *സൃഷ്ടിത്വ ശക്തി*: ദൈവികത്വത്തിലെ ഓരോ വ്യക്തിക്കും ഈ സ്വഭാവഗുണമുണ്ടെന്ന് താഴെ കൊടുത്തിരിക്കുന്ന വേദഭാഗങ്ങൾ തെളിയിക്കുന്നു: (1) പരിശുദ്ധാത്മാവ് – "... ദൈവത്തിന്റെ ആത്മാവ് വെള്ളത്തിന്മീതെ പരി

വർത്തിച്ചിരുന്നു" (ഉല്പത്തി 1:2)[9]; (2) പിതാവ് – "അവൻ തന്റെ ശക്തി യാൽ ഭൂമിയെ സൃഷ്ടിച്ചു, തന്റെ ജ്ഞാനത്താൽ ഭൂമണ്ഡലത്തെ സ്ഥാപിച്ചു, തന്റെ വിവേകത്താൽ ആകാശത്തെ വിരിച്ചു'' (യിരെമ്യാവ് 51:15), (3) പുത്രൻ – "ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വങ്ങളാകട്ടെ, വാഴ്ച്ചകളാകട്ടെ, അധികാരങ്ങളാകട്ടെ, സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു. അവൻ മുഖാന്തരവും അവന്നായി ക്കൊണ്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു" (കൊലൊസ്യർ 1:16).

### ഉപസംഹാരം

ദൈവത്തിനു മാത്രം ഉപയോഗിക്കാവുന്ന നാമവിശേഷണമാണ് പരി ശുദ്ധാത്മാവിന് ഉപയോഗിച്ചിരിക്കുന്നത്. പിതാവിനേയും പുത്രനേയും പോലെ പരിശുദ്ധാത്മാവിനും ദൈവിക സ്വഭാവം ഉണ്ടെന്ന് ആ നാമങ്ങളാൽ നമുക്ക് മനസിലാക്കാം, എന്നാൽ അവന് പ്രത്യേക വ്യക്തിത്വമുണ്ടെന്നും തെളിയു ന്നു. അവൻ ബൈബിളിൽ പ്രാധാന്യമുള്ള പ്രമുഖ വ്യക്തിയാണ്.

---

കുറിപ്പുകൾ

[1]എമ്മെൽ റസൽ, "ഹോളി സ്പിരിറ്റ്" ദ ന്യൂടെസ്റ്റമെന്റ് *ഡിക്ഷ്ണറി ഓഫ് ദ ബൈബിൾ,* എഡ്സ്. ജെ. ഡി. ഡഗ്ലസ് ആന്റ് മെറിൽ സി. ടെന്നസി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 1987), 447. [2]ജെയിംസ് ഒലിവർ ബസ്വെൽ, ജൂനിയർ., "സ്പിരിറ്റ്" *ദ ന്യൂടെസ്റ്റമെന്റ് ഡിക്ഷ്ണറി ഓഫ് ദ ബൈബിൾ,* എഡ്സ്.ജെ.ഡി.ഡഗ്ലസ് ആന്റ് മെറിൽ സി. ടെന്നസി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 1987), 961. [3]ഗൈ എൻ.വു ഡ്സ്, എ കമെന്ററി ഓൺ *ദ ഗോസ്പെൽ എക്കോർഡിങ്ങ് ടു ജോൺ* (നാഷ്വിലേ.: ഗോസ്പെൽ അഡ്വൊക്കേറ്റ് കമ്പനി., 1984), 63. [4]അർക്കിബാൾഡ് തമസ് റോബർട്ട്സൺ, *വേർഡ് പിക്ച്ചേഴ്സ് ഇൻ ദ ന്യൂടെസ്റ്റമെന്റ്*, വാല്യം. 5 (ന്യൂയോർക്ക്.: ഹാർപ്പർ ആന്റ് ബ്രദേഴ്സ്, 1932), 252. [5]മാർവിൻ ആർ. വിൻസെന്റ്, *വേർഡ് സ്റ്റഡീസ് ഇൻ ദ ന്യൂടെസ്റ്റ മെന്റ്*, വാല്യം. 2 (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു. എം. ബി. എഡ്മാൻസ് പബ്ലി ഷിങ്ങ് കമ്പനി., 1946), 47. [6]ഇബിഡ്., 244. [7]വില്യം ഹെൻഡ്രിക്സൺ, *എക്സ്പൊസി ഷൻ ഓഫ് ദ ഗോസ്പെൽ എക്കോർഡിങ്ങ് ടു ജോൺ, ന്യൂടെസ്റ്റമെന്റ് കമെന്ററി* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1972), 275. [8]കൂടാതെ മത്തായി 3:16, 17; യോഹന്നാൻ 3:34; 14:26; 15:26; 16:15; റോമർ 14:17, 18; 15:16; 1 കൊരിന്ത്യർ 6:11; 2 കൊരിന്ത്യർ 3:3; ഗലാത്യർ 4:6; എഫെസ്യർ 2:18, 20–22; 4:4–6; 5:18–20; 2 തെസലൊനിക്യർ 2:13; എബ്രായർ 9:14; 1 പത്രൊസ് 1:2; യൂദാ. 20, 21. [9]സൃഷ്ടിത്വത്തിൽ പരിശുദ്ധാത്മാവിന്റെ സഹായമുണ്ടായിട്ടുണ്ട് എന്നു കാണിക്കുവാൻ എടുക്കുന്ന മറ്റു വേദഭാഗങ്ങൾ; എങ്ങ നെയായാലും, സാരമായ തെളിവുകൾ നൽകുന്നില്ല എന്നു തോന്നുന്നു. ഇയ്യോബ് 26:13 ന്റെ മിക്ക തർജിമകളും സൃഷ്ടിത്വത്തിന് പ്രയോഗിക്കാവുന്ന പ്രസ്താവന നൽകുന്നില്ല. അതുപോലെ തന്നെയാണ്, ഇയ്യോബ് 27:3; യെശയ്യാവ് 40:12, 13; സങ്കീർത്തനങ്ങൾ 33:6 എന്നിവയാണ് സൃഷ്ടിത്വത്തിൽ പരിശുദ്ധാത്മാവ് സഹായിച്ചിട്ടുണ്ട് എന്നതിനു തെളി വായി എടുക്കുന്നത്. പദ്യരൂപത്തിലുള്ള സങ്കീർത്തനങ്ങൾ 104:30 ആരംഭ സൃഷ്ടിത്വത്തെ യല്ല, മറിച്ച് നവീകരണത്തെയാണ് പറയുന്നത്.